ഉത്തരം

(എ) ഓണറേറിയം കൃത്യമായി നൽകി വരുന്നുണ്ട്.

(ബി) ഓണറേറിയം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മാസം വരെ വേതനം നൽകാൻ വേണ്ട തുക അഡ്വാൻസായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതി

40 (1094) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും എന്തൊക്കെ കാര്യങ്ങൾ ചെയ്തു ; വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2010-11 വർഷം 4 സ്കൂളുകളും 2011-12 വർഷം 2 സ്കൂളുകളും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. 6 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾ താഴെ പറയുന്നവയാണ്.

(1) ജി.യു.പി.എസ്. വൻമുഖം

(2) ജി.യു.പി.എസ്. പേരാമ്പ്ര, പ്ലാന്റേഷൻ

(3) ജി.യു.പി.എസ്. വെങ്ങപ്പറ്റ

(4) ജി.യു.പി.എസ്. കാവിലുംപാറ

(5) ജി.എം.യു.പി.എസ്. രാരോത്ത്

(6) ജി.യു.പി.എസ്. ചെറുവണ്ണൂർ

(ബി) ഈ സ്കൂളുകളിൽ ഭൗതീകസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എം.എച്ച്.ആർ.ഡി.-യുടെ വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടില്ല. എം.എച്ച്.ആർ.ഡി. അനുവദിച്ച തസ്തികകളിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly